# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2210 — 11/03/2020-ൽ മറുപടിക്ക്

### നാട്ടുകാണി-പരപ്പനങ്ങാടി പാതയുടെ നവീകരണത്തിന് ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി

| | ചോദ്യം<br>**ശ്രീ.പി.വി. അൻവർ** | | മറുപടി<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | നിലമ്പൂർ മണ്ഡലത്തിൽ നാട്ടുകാണി-പരപ്പനങ്ങാടി പാതയുടെ നവീകരണത്തിന് ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി പൊതുമരാമത്ത് വകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ; ഏതെല്ലാം കെ. എസ്.ഇ.ബി. സെക്ഷനുകളിൽ നിന്നാണ് എസ്റ്റിമേറ്റ് നൽകിയത്; | (എ) | എസ്റ്റിമേറ്റ് തയ്യാറാക്കി പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്. വഴിക്കടവ്, എടക്കര, ചുങ്കത്തറ എന്നീ സെക്ഷനുകളിൽ നിന്നുമാണ് സംസ്ഥാന അതിർത്തി മുതൽ വടപുറം പാലം വരെയുള്ള ഭാഗത്തെ പാത നവീകരണത്തിന് പോസ്റ്റുകൾ മാറ്റിയിടുന്നതിനുള്ള എസ്റ്റിമേറ്റ് നൽകിയിട്ടുള്ളത്. |
| (ബി) | സംസ്ഥാന അതിർത്തി മുതൽ വടപുറം പാലം വരെ കെ.എസ്.ഇ.ബി. പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. കണക്കാക്കിയ തുക എത്രയെന്നും പൊതുമരാമത്ത് അടവാക്കിയ തുക എത്രയെന്നും അടവാക്കിയ തീയതിയും അറിയിക്കാമോ; | (ബി) & (സി) | വിവരങ്ങൾ ചുവടെ ചേർക്കുന്നു: |
| (സി) | തുക അടവാക്കിയിട്ടും ഏതൊക്കെ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുവാനുണ്ട്; എന്തുകൊണ്ട് നടപടി സ്വീകരിക്കുന്നില്ലായെന്നും നടപടി വേഗത്തിലാക്കി എന്നത്തേക്ക് പൂർത്തീകരിക്കുമെന്നും അറിയിക്കാമോ? | | |

| സെക്ഷൻ | സ്ഥലം | എസ്റ്റിമേറ്റ് തുക | പൊതുമരാമത്ത് വകുപ്പ് തുക അടച്ച തീയതി | പ്രവൃത്തികളുടെ പുരോഗതി |
|---|---|---|---|---|
| വഴിക്കടവ് | മുണ്ട വെങ്ങാപാടം ഭാഗം | 280454/- രൂപ | Rt No. 101056 പ്രകാരം 31.05.2019 ന് അടച്ചു | പൂർത്തീകരിച്ചു |
| വഴിക്കടവ് | ആനമറി മുണ്ട ഭാഗം | 1679351/- രൂപ | Rt No. 118485 പ്രകാരം 28.06.2019ന് അടച്ചു | 51 എണ്ണം എച്ച്.ടി പോസ്റ്റുകളും, 83 എണ്ണം എൽ.റ്റി പോസ്റ്റുകളും മാറ്റുവാനുള്ളതിൽ 16 എണ്ണം എച്ച്.ടി |

| | | | | |
|---|---|---|---|---|
| | | | | പോസ്റ്റുകളും, 22 എണ്ണം എൽ.റ്റി പോസ്റ്റുകളും ഇതുവരെ മാറ്റിയിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പുരോഗമിക്കുന്നു |
| എക്കര | പാമുണ്ട എടക്കര ഭാഗം | 1745126/- രൂപ | Rt No. 10207477 പ്രകാരം 29.01.2019 ന് അടച്ചു | 63 എണ്ണം എച്ച്.ടി പോസ്റ്റുകളും,52 എണ്ണം എൽ.റ്റി പോസ്റ്റുകളും മാറ്റുവാനുള്ളതിൽ 30 എണ്ണം എച്ച്.ടി പോസ്റ്റുകളും, 25 എണ്ണം എൽ.റ്റി പോസ്റ്റുകളും ഇതുവരെ മാറ്റിയിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| ചുങ്കത്തറ | ഇടമല വളവ് ഭാഗം | 290966/- രൂപ | അടച്ചിട്ടില്ല | തുക അടക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതാണ് |

തുക അടച്ച രണ്ടു സെക്ഷനുകളിലേയും പ്രവൃത്തികൾ നടന്നുവരുന്നു. മാറ്റി സ്ഥാപിക്കൽ നടത്തുമ്പോൾ നിലവിലുള്ള കെട്ടിടങ്ങളിൽ നിന്നും വേണ്ടത്ര സുരക്ഷാ അകലം പാലിക്കാൻ

| | | | |
|---|---|---|---|
| | | | സാധിക്കാത്തത് പലപ്പോഴും പ്രവൃത്തിയുടെ സുഗമമായ പുരോഗതിക്ക് തടസ്സമാകുന്നുണ്ട്. കൂടാതെ 2019 ലെ പ്രളയം മൂലവും പാത നവീകരണത്തിന്റെ ഭാഗമായി പോസ്റ്റ് മാറ്റൽ പ്രവർത്തികൾക്കാവശ്യമായ സാധന സാമഗ്രികളുടെ ലഭ്യതക്കുറവു കൊണ്ടും തക്കസമയത്ത് പുരോഗതി കൈവരിക്കുവാൻ കാലതാമസമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇപ്പോൾ ആവശ്യമായ സാധന സാമഗ്രികളുടെ ലഭ്യത ഉറപ്പുവരുത്തിയിട്ടുള്ളതുകൊണ്ട് ഈ പ്രവൃത്തികൾ 2020 ഏപ്രിൽ 30ന് മുൻപായി പൂർത്തീകരിക്കുവാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ